(സി) മറുനാടൻ മലയാളി സ്ത്രീകളുടെ ക്ഷേമത്തിനായുള്ള പദ്ധതി ഏത് ഇൻഷുറൻസ് കമ്പനിയുമായി സഹകരിച്ച് നടപ്പാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) മറുനാടൻ മലയാളിക്ഷേമ പദ്ധതിയുടെ കീഴിൽ മറ്റ് സംസ്ഥാനങ്ങളിൽ ജോലി ചെയ്തുവരുന്ന നഴ്സുമാരേയും ഉൾപ്പെടുത്തുന്നതിന് ഉദ്ദേശമുണ്ടോ ;

(ഇ) നിർദ്ദിഷ്ട ക്ഷേമ പദ്ധതിയിൽ അംഗമാകാൻ ഓരോ അംഗവും അടയ്ക്കേണ്ട വിഹിതം എത്ര എന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(എഫ്) മറുനാടൻ മലയാളി സ്ത്രീക്ഷേമ പദ്ധതിയുടെ ആനുകൂല്യം ഏതൊക്കെ സാഹചര്യങ്ങളിലാണ് അംഗങ്ങൾക്ക് ബാധകമാക്കാൻ നിശ്ചയിച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ജി) സ്വാഭാവിക മരണം സംഭവിക്കുന്ന വേളയിൽ പ്രസ്തുത ക്ഷേമ പദ്ധതിയുടെ ആനുകൂല്യം നൽകുന്നതിന് വ്യവസ്ഥ ചെയ്യാൻ ഉദ്ദേശമുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) :

(എ) വിദേശത്തു ജോലി ചെയ്യുന്ന മലയാളികളായ നഴ്സുമാർക്കുവേണ്ടി ഒരു സുരക്ഷാ ഇൻഷുറൻസ് പദ്ധതി നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. ഇതു സംബന്ധിച്ച് ഇൻഷുറൻസ് കമ്പനികളുമായി ചർച്ചകൾ നടന്നുവരുന്നു. പദ്ധതിയുടെ വിശദാംശങ്ങൾ തീരുമാനിച്ചു വരുന്നതേയുള്ളു.

(ബി) പരിഗണിക്കുന്നതാണ്.

(സി) യുണൈറ്റഡ് ഇന്ത്യാ ഇൻഷുറൻസ്, ന്യൂ ഇന്ത്യാ അഷ്വറൻസ് എന്നീ കമ്പനികൾ സർക്കാരിന് പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് ചർച്ചകൾ നടന്നുവരുന്നു.

(ഡി) പരിഗണിക്കുന്നതാണ്.

(ഇ&എഫ്) പദ്ധതിയുടെ വിശദാംശങ്ങൾക്ക് രൂപം കൊടുത്തുവരുന്നതേയുള്ളൂ.

(ജി) സ്വാഭാവിക മരണത്തിന് ആനുകൂല്യം നൽകുന്നതിന് നിയമ തടസ്സമുണ്ട്. എന്നാൽ സ്വാഭാവിക മരണം സംഭവിച്ചാലും മൃതദേഹം നാട്ടിലെത്തിക്കുന്നതിനുള്ള ചെലവ് ഉൾപ്പെടുത്തുന്ന കാര്യം പരിഗണിച്ച് വരുന്നു.

കായിക-ആയുധ പരിശീലനം തടഞ്ഞുകൊണ്ടുള്ള നിർദ്ദേശം

22(*21) ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. കെ. ബാബു :
ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) ഏതെല്ലാം തരത്തിലുള്ള കായിക-ആയുധ പരിശീലനം തടയുവാനാണ് ഗവൺമെന്റ് നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ബി) രാഷ്ട്രീയ പാർട്ടികളുടെ പ്രവർത്തനങ്ങളിൽ ഇതുമൂലം എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) :

(എ) കായിക-ആയുധ പരിശീലനം നിരോധിച്ചുകൊണ്ട് യാതൊരു നിർദ്ദേശവും ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ കായിക പരിശീലനം നൽകുന്ന കേന്ദ്രങ്ങൾക്ക് പെർമിറ്റ് വാങ്ങണമെന്ന നിബന്ധന ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇല്ല.

പരിസ്ഥിതി മലിനീകരണം

23(*22) ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. പി. പി. തങ്കച്ചൻ :
ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആശുപത്രികളിൽ നിന്നും പുറംതള്ളുന്ന വെയ്സ്റ്റുകൾ പരിസ്ഥിതി മലിനീകരണം സൃഷ്ടിക്കുന്നുണ്ടെന്ന് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വെയ്സ്റ്റുകൾ നശിപ്പിക്കുന്നത് സംബന്ധിച്ച് കേന്ദ്രഗവൺമെന്റ് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദീകരിക്കുമോ ;

(സി) ഈ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കാത്തതിനാൽ മിക്ക ആശുപത്രികളുടെയും പരിസരം മലിനീകരണപ്പെട്ടിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) :

(എ) ചില പരാതികൾ ഉണ്ട്.

(ബി) ആശുപത്രികളിൽ നിന്നുള്ള മാലിന്യം നിർമാർജ്ജനം ചെയ്യുന്നത് നിയന്ത്രിക്കാനായി കേന്ദ്ര സർക്കാർ 27-7-1998-ൽ ഇക്കോ മെഡിക്കൽ വേസ്റ്റ് (മാനേജ്മെന്റ് ആന്റ് ഹാൻഡിലിംഗ്) റൂൾസ് 1998 എന്ന ചട്ടം വിജ്ഞാപനം ചെയ്തിട്ടുണ്ട്.

(സി) ചില ആശുപത്രികളുടെ പരിസരം മലിനീകരിക്കപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്രനിയമം നടപ്പിലാക്കുന്നതിന് നിയമത്തിൽതന്നെ കാലാവധി നിശ്ചയിച്ചിട്ടുണ്ട്. അതനുസരിച്ച് 500 കിടക്കകൾ ഉള്ള ആശുപത്രികളുടെ സമയപരിധി 31-12-1999-ൽ അവസാനിച്ചുവെങ്കിലും ആറുമാസം കൂടി സമയം

LIBRARY ARCHIVES Kerala Legislative Assembly